# ॥ ശ്രീമദ് ഭഗവദ്ഗീത ശുദ്ധ ഉച്ചാരണ മാർഗ്ഗദർശിനി - ലെവൽ 4 ॥

## മാഹേശ്വരസൂത്രം

1. അഇഉണ്।
2. ഋലൃക്।
3. ഏഓങ്।
4. ഐഔച്।
5. ഹയവരട്।
6. ലണ്।
7. ഞമങണനമ്।
8. ഝഭഞ്।
9. ഘഢധഷ്।
10. ജബഗഡദശ്।
11. ഖഫഛഠഥചടതവ്।
12. കപയ്।
13. ശഷസര്।
14. ഹല്।

**'പ്രത്യാഹാരം -** പദങ്ങളുടെ വ്യാഖ്യാനത്തിലോ നിയമങ്ങളിലോ ഏതെങ്കിലും പ്രത്യേക വർണ്ണസമൂഹങ്ങളുടെ ഉപയോഗം ആവശ്യമായി വരുമ്പോൾ, ആ വർണ്ണങ്ങളെ മഹേശ്വര സൂത്രങ്ങളിൽ നിന്ന് പ്രത്യാഹാരമുണ്ടാക്കി ചുരുക്കി ഗ്രഹിക്കുന്നു. പ്രത്യാഹാരത്തിന്റെ അർത്ഥം - സംക്ഷിപ്ത പ്രസ്താവന എന്നാണ്. ആദ്യാക്ഷരവും അവസാന അക്ഷരവും ചേർത്താണ് പ്രത്യാഹാരം രൂപപ്പെടുത്തുന്നത്.

**ഉദാ. = 'അച്'** പ്രത്യാഹാരം - ആദ്യത്തെ മഹേശ്വര സൂത്രമായ 'അഇഉണ്' എന്നതിലെ ആദ്യ വർണ്ണം 'അ' യെ നാലാമത്തെ സൂത്രം 'ഐഔച്' ലെ അവസാന അക്ഷരമായ 'ച്' യുമായി ചേർത്ത് 'അച്' പ്രത്യാഹാരം രൂപപ്പെടുത്തുന്നു. അതിനാൽ 'അച്' പ്രത്യാഹറിൽ നിന്ന് 'അ, ഇ, ഋ, ലൃ, ഏ, ഐ, ഓ, ഔ' എന്നീ വർണ്ണങ്ങൾ ഗ്രാഹ്യമാകുന്നു.

## സന്ധി നിയമങ്ങൾ

രണ്ട് വർണ്ണങ്ങൾ ചേരുമ്പോൾ ഒരു സന്ധി ഉണ്ടാകുന്നു. ഒരുമിച്ചുചേരുന്ന അക്ഷരങ്ങൾ സ്വരാക്ഷരങ്ങളാണെങ്കിൽ, അത് സ്വര സന്ധിയും വ്യഞ്ജനാക്ഷരങ്ങളാണെങ്കിൽ അത് വ്യഞ്ജനസന്ധിയും അനുസ്വാരങ്ങളാണെങ്കിൽ അനുസ്വാര സന്ധിയും വിസർഗങ്ങളാണെങ്കിൽ വിസർഗ്ഗസന്ധിയുമാണ്. ഒരു സന്ധി ഉണ്ടാകുമ്പോൾ, ഒന്നിച്ചു ചേരുന്ന വർണ്ണങ്ങളിൽ ചിലപ്പോൾ ഏതെങ്കിലും ഒരു വർണ്ണത്തിനോ അല്ലെങ്കിൽ രണ്ടു വർണ്ണങ്ങൾക്കും തന്നെയും മാറ്റം സംഭവിയ്ക്കുന്നു.

**വ്യഞ്ജൻ സന്ധി അല്ലെങ്കിൽ ഹൽ സന്ധി –** ഒരു വ്യഞ്ജനാക്ഷരവുമായി മറ്റൊരു വ്യഞ്ജനാക്ഷരം ചേരുമ്പോൾ ഉണ്ടാകുന്ന മാറ്റത്തെ വ്യഞ്ജൻ സന്ധി എന്ന് വിളിക്കുന്നു. വ്യഞ്ജൻ സന്ധിയെ സംസ്കൃതത്തിൽ ഹൽ സന്ധി എന്നും വിളിക്കുന്നു. ഇത് പല തരമുണ്ട്–

## 1. ശ്ചുത്വ സന്ധി –

- **സ്തോഃ ശ്ചുനാ ശ്ചുഃ -** സകാരം, ശകാരവുമായി, തവർഗ്ഗം ചവർഗ്ഗവുമായി യോജിയ്ക്കുമ്പോൾ സകാരം, ശകാരവും തവർഗ്ഗത്തിലെ സ്ഥാനത്ത് ചവർഗ്ഗത്തിലെ വർണ്ണങ്ങളുടെ ക്രമാനുസരണം മുൻപോട്ടോ പിൻപോട്ടോ ഉള്ള വർണ്ണമായി മാറുന്നു. പക്ഷേ മാറ്റം സംഭവിക്കുന്നത് സകാരത്തിന്റെയും തവർഗത്തിന്റെയും സ്ഥാനത്ത് മാത്രമാണ്.

ഉദാ: – മനസ്+ചഞ്ചലം= മനശ്ചഞ്ചലം (6/26), യുൻ+ജീത്= യുഞ്ജീത്(6/10), യദ്+ജ്ഞാത്വാ= യജ് ജ്ഞാത്വാ (4/16)

| ഒരുമിച്ചു ചേരുന്ന വ്യഞ്ജനങ്ങൾ | | സ് പിന്നെ ത വർഗ്ഗങ്ങളുടെ പരിവർത്തന രൂപങ്ങൾ. |
|---|---|---|
| സ് | ശ്, ച്, ഛ്, ജ്, ഝ്, ഞ് | ശ് |
| ത് | | ച് |
| ഥ് | | ഛ് |
| ദ് | | ജ് |
| ധ് | | ഝ് |
| ന് | | ഞ് |

(Note- ക്ഷ= ക്+ഷ, ത്ര= ത്+ര, ജ്ഞ= ജ്+ഞ ആകുന്നു, അതായത് ഇവയിൽ യഥാക്രമം ക്, ത്, ജ് എന്നിവയുമായി ബന്ധപ്പെട്ട നിയമമാണ് ബാധകം)

## 2. ഷ്ടുത്വ സന്ധി –

- **ഷ്ടുനാ ഷ്ടു: –** സകാരം ഷകാരമായി , തവർഗ്ഗം ടവർഗ്ഗവുമായി ചേരുമ്പോൾ, സകാരത്തിന്റെയും തവർഗ്ഗത്തിന്റെയും സ്ഥാനത്ത് യഥാക്രമം മാറ്റം സംഭവിച്ച് ഷകാരവും ടവർഗ്ഗവുമായിത്തീരുന്നു. ഒരുമിച്ചു ചേരുമ്പോൾ സകാരവും, തവർഗ്ഗവും, ഷകാരവും ടവർഗ്ഗത്തിലെ വർണ്ണക്രമത്തിൽ മുൻപോട്ടോ പിൻപോട്ടോ ആകാവുന്നതാണ്. പക്ഷെ മാറ്റം കേവലം സകാരത്തിനോ തവർഗ്ഗത്തിന്റെ സ്ഥാനത്തോ മാത്രമാണ്.

ഉദാ: - ദൃഷ് + തഃ = ദൃഷ്ടഃ (2/16), സൃഷ്+ ത്വാ= സൃഷ്ട്വാ(3/10), പ്രനഷ്+ തഃ= പ്രനഷ്ടഃ(18/72)

ഒരുമിച്ചു ചേരുന്ന രണ്ട് വ്യഞ്ജനാക്ഷരങ്ങൾ -രൂപാന്തരപ്പെട്ട വർണ്ണം)

| ഒരുമിച്ചു ചേരുന്ന വ്യഞ്ജനങ്ങൾ | | രൂപാന്തരപ്പെട്ട വർണ്ണം |
|---|---|---|
| സ് | ഷ്, ട്, ഠ്, ഡ്, ഢ്, ണ് | ഷ് |
| ത് | | ട് |
| ഥ് | | ഠ് |
| ദ് | | ഡ് |
| ധ് | | ഢ് |
| ന് | | ണ് |

## 3. ചർത്വ സന്ധി –

- **ഖരി ച** – വർഗ്ഗങ്ങളിലെ ആദ്യത്തെയും രണ്ടാമത്തെയും വർണ്ണങ്ങളും ശ, ഷ, സ(ഖരം/ കഠിന വ്യഞ്ജനാക്ഷരങ്ങൾ) എന്നിവയ്ക്ക് അപ്പുറത്താണെങ്കിൽ, വർഗ്ഗങ്ങളിലെ ഒന്നാമത്തെയും, രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും വർണ്ണങ്ങളും ശ, ഷ, സ, ഹ (ഝലം) എന്നിവയും ക, ച, ട, ത, പ, ശ, ഷ, സ (ചരം) ആയി മാറുന്നു.

  ഉദാ: - ഹൃദ് + സ്ഥം = ഹൃത്സ്ഥം(4/42), തദ്+ കുരുഷ്വ= തത്കുരുഷ്വ (9/27), ഛിദ്+ ത്വാ= ഛിത്വാ(4/42)

  **വാ്യവസാനേ** – അവസാനം (അതായത് ചരണാന്ത്യത്തിൽ) വർഗ്ഗങ്ങളിലെ ആദ്യത്തെയും, രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും അക്ഷരങ്ങളും ശ,ഷ,സ,ഹ എന്നിവ ക, ച, ട, ത, പ, ശ, ഷ, സ ആയി മാറാം.

  ഉദാ: - സുഹൃദ്= സുഹൃത് (9/18), വാഗ്= വാക്, ഉപനിഷദ്= ഉപനിഷത്, ഭഗവദ്= ഭഗവത്

## 4. ജശ്ത്വ സന്ധി –

- **ഝലാം ജശ് ഝശി** - അഞ്ച് വർഗ്ഗങ്ങളിലെയും ഒന്നാമത്തെയും, രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും അക്ഷരങ്ങൾ ഏതെങ്കിലും മൃദു വ്യഞ്ജനാക്ഷരത്തിനോ സ്വരാക്ഷരത്തിനോ മുൻപ് വരുന്നെങ്കിൽ, അത് അതേ വർഗ്ഗത്തിലെ മൂന്നാമത്തെ വർണ്ണമായി (ഗ്, ജ്, ഡ്, ദ്, ബ്) മാറുന്നു.

  ഉദാ: - ലഭ്+ധ്വാ = ലബ്+ധ്വാ = ലബ്ധ്വാ (4/39), ബോധ്+ധവ്യം=ബോദ്+ധവ്യം= ബോദ്ധവ്യം (4/17), യുധ് + ധ = യുദ്ധ (2/37)

## 5. ധത്വ സന്ധി –

- **ഝഷസ്തഥോർധോ്യധ:** - വർഗ്ഗങ്ങളിലെ നാലാമത്തെ വർണ്ണത്തിനുശേഷം ത് അല്ലെങ്കിൽ ഥ് വരികയാണെങ്കിൽ, അവ ധകാരമായി പരിവർത്തനം ചെയ്യപ്പെടുന്നു. ഈ സന്ധിയ്ക്കുശേഷം ഒരു ജഷ്ത്വ സന്ധി വരുന്നെങ്കിൽ മുമ്പത്തെ വർണ്ണം അതിന്റെ മൂന്നാമത്തെ വർണ്ണമായി മാറുന്നു.

| പൂർവ്വ വർണ്ണം | ഉത്തര വർണ്ണം | പരിവർത്തിത രൂപം |
|---|---|---|
| ഘ് | ത്/ഥ് | ഗ്ധ് |
| ഝ് | | ജ്ധ് |
| ഢ് | | ഡ്ധ് |
| ധ് | | ദ്ധ് |
| ഭ് | | ബ്ധ് |

ഉദാ:- ബോധ് + തവ്യയമ് = ബോദ് + ധവ്യയമ് = ബോദ്ധവ്യമ് (4/17), രുധ് + ധ്വാ = രുദ്ധ്വാ)

## 6. ഷത്വ സന്ധി –

- **വ്രശ്ചഭ്രസ്ജസൃജമൃജയജരാജഭ്രാജച്ഛശാം ഷഃ -** വ്രശ്ച മുതലായ സപ്ത ധാതുക്കളുടെയും ഛകാരാന്ത-ശകാരാന്ത ധാതുക്കളുടെയും അവസാന വർണ്ണത്തിന്റെ സ്ഥാനത്തിൽ, 'ഷകാരം' ആദേശം ചെയ്യപ്പെടുന്നു. പദാവസാനം അല്ലെങ്കിൽ 'ഝല്' എന്നതിന് അപ്പുറത്തായിരിക്കുമ്പോൾ.

  ഉദാ:- ദൃശ് എന്ന ധാതുവിൽ നിന്നും ദൃഷ് എന്നും ദൃഷ്ടി എന്നും സൂത്രമനുസരിച്ച് രൂപപ്പെടുന്നത് ഇപ്രകാരമാണ്.
- **ആദേശപ്രത്യയങ്ങൾ: -** ഏതെങ്കിലും പൂർവ്വ ആദേശത്തിനാൽ 'സ്' ഉണ്ടാകുന്നുവോ അല്ലെങ്കിൽ പ്രത്യയത്തിൽ 'സ്' ഉണ്ടായിരിക്കുകയും അതിനു മുൻപായി 'ഇണ്' (ഇ, ഉ) അല്ലെങ്കിൽ 'കവർഗ്ഗം' വരുന്നെങ്കിൽ സകാരം ഷകാരം ആയി മാറുന്നു.

  ഉദാ: - ഭോക് + സ്യസേ = ഭോക് + ഷ്യസേ = ഭോക്ഷ്യസേ (2/37),

  ഹനി+സ്യേ=ഹനി+ഷ്യേ=ഹനിഷ്യേ (16/14)

## 7. കത്വ സന്ധി –

- **ഷാഢോഃ കഃ സി –** 'ഷ', 'ഢ' എന്നിവ 'ക' ആയി മാറുന്നത് 'സ' അപ്പുറം ആയിരിക്കുമ്പോൾ.

  ഉദാ: – വിനങ്ഷ് + ഷ്യസി = വിനങ്ക്+ ഷ്യസി = വിനങ്ക് + ഷ്യസി = വിനങ് ക്ഷ്യസി (18/58)

## 8. കുത്വ സന്ധി –

- **ചോഃ കുഃ** - പദാവസാനത്തിൽ ചവർഗ്ഗത്തിലെ ഏതെങ്കിലും വർണ്ണത്തിന് മുമ്പായി ഏതെങ്കിലും വർണ്ണം അല്ലെങ്കിൽ അന്ത:സ്ഥവും അനുനാസികവും ഒഴികെ മറ്റൊരു വർണ്ണം ഉണ്ടെങ്കിൽ അതുമല്ല ഒന്നിമില്ലെങ്കിൽ അത് യഥാനുസാരം ക വർഗ്ഗമായി പരിവർത്തനം ചെയ്യപ്പെടും.

| പൂർവ്വ വർണ്ണം | ഉത്തര വർണ്ണം | പരിവർത്തിത രൂപം |
|---|---|---|
| ച് | പ്രഥമ, ദ്വിതീയ, തൃതീയ ചതുർത്ഥ വർണ്ണം ശ,ഷ, സ, ഹ അവസാനിക്കുന്നവ | ക് |
| ഛ് | | ഖ് |
| ജ് | | ഗ് |
| ഝ് | | ഘ് |

ഉദാഹരണത്തിന്. - മുച് + തഃ = മുക്തഃ (5/28)

## 9. തുഗാഗമ സന്ധി –

- **ഛേ ച –** ഹ്രസ്വ സ്വരത്തിനുശേഷം, 'ഛ' വരുമ്പോൾ ഛകാരത്തിന് മുൻപ് ത ആഗമിയ്ക്കുന്നു തുടർന്ന് ശ്ചുത്വ സന്ധിപ്രകാരം ചകാരമാ യി മാറുന്നു.

  ഉദാ: - കൃഷ്ണ+ ഛേതുമ് = കൃഷ്ണ + ത്+ ഛേതുമ് = കൃഷ്ണ + ച്+ ഛേതുമ് = കൃഷ്ണച്ഛേതുമ് (6/39)

- **പദാന്തദ്വാ** – പദാന്ത്യ ദീർഘസ്വരത്തിന് ശേഷം 'ഛ' വന്നാലും, 'ത്' വരാവുന്നതാണ്.

  ഉദാ: - ഗായത്രീ + ഛന്ദസാമ് = ഗായത്രീച്ഛന്ദസാം അഥവാ ഗായത്രീ ഛന്ദസാമ് (10/35)

## 10. ങമുടാഗമ സന്ധി –

- **ങമോ ഹ്രസ്വാദചി ങമുണ്നിത്യമ്** – ഏതെങ്കിലും ഹ്രസ്വത്തിനുശേഷം ശേഷം ങ്, ണ് അല്ലെങ്കിൽ ന് വരുകയും അതിനു ശേഷം ഏതെങ്കിലും സ്വരാക്ഷരവും വന്നാൽ, ങ്, ണ്, ന് എന്നിവ യഥാക്രമം ദ്വിത്വവൽക്കരിക്കപ്പെടുന്നു.

  കുർവൻ+ അപി = കുർവ്വന്നപി (5/7), സൻ+ അവ്യയാത്മാ= സന്നവ്യയാത്മാ (4/6), പ്രസൻ + ഇവ=പ്രസന്നിവ (2/10)

## 11. രുത്വ സന്ധി –

- **ശ്ലവ്യപ്രശാൻ** – പദാന്ത്യത്തിൽ നകാരത്തിനു ശേഷം ച്, ഛ്, ട്, ഠ്, ത് അല്ലെങ്കിൽ ഥ് എന്നീ അക്ഷരങ്ങൾ വരികയും അതിന് ശേഷം ഏതെങ്കിലും സ്വരം, ഹ്, യ്, വ്, ര്, ല്, ങ്, ഞ്, ണ്, ന് ഉണ്ടെങ്കിൽ നകാരം സ്, ശ്, ഷ് ആയി മാറുകയും അതിന്റെ പൂർവ്വ വർണ്ണത്തിന് അനുസ്വാരം നൽകുകയും ചെയ്യുന്നു. (നകാരം+ ത്, ഥ് = സകാരം, നകാരം+ ച്, ഛ്=ശകാരം , നകാരം+ ട്, ഠ്= ഷകാരം)

  ഉദാ: - വ്ദ്വാൻ + തഥാ = വിദ്വാംസ്+ തഥാ = വിദ്വാംസ്തഥാ (3/25), ഗതാസൂൻ+ച= ഗതസൂംശ്ച(2/11), **ഗതാസൂംശ്ച**+ച=പ്രജ്ഞാവാദാംശ്ച(2/11)

## 12. അനുസ്വാര സന്ധി –

- **മോഽനുസ്വാരഃ** - പദാവസാനത്തിലെ മകാരത്തിനുശേഷം ഏതെങ്കിലും വ്യഞ്ജനമാണ് വരുന്നതെങ്കിൽ പദാവസാനത്തിലെ 'മകാരം' അനുസ്വാരമായി മാറുന്നു.

  ഉദാ: - ഹർഷമ്+കുരുവൃദ്ധഃ = ഹർഷം കുരുവൃദ്ധഃ(1/12), ശംഖമ്+ദധ്മൗ=ശംഖം ദധ്മൗ(1/12)

- **നശ്ചാപദാന്തസ്യ ഝലി** – വർഗ്ഗങ്ങളിലെ ആദ്യത്തെയോ , രണ്ടാമത്തെയോ, മൂന്നാമത്തെയോ, നാലാമത്തെയോ വർണ്ണങ്ങളോ ശ്, ഷ്, സ്, ഹ് ('ഝൽ') എന്നിവയും ഒഴിച്ച് അപദാന്ത 'നകാര'വും 'മകാര'വും അനുസ്വാരമായി മാറുന്നു.

  ഉദാ:- വാസാന്+ സി= വാസാംസി

## 13. അനുനാസിക സന്ധി –

- **യരോഽനുനാസികേഽനുനാസികോ വാ** – അഞ്ച് വർഗ്ഗങ്ങളിലെയും ആദ്യത്തെ നാല് വ്യഞ്ജനാക്ഷരങ്ങളിൽ ഏതെങ്കിലുമൊരു വ്യഞ്ജനാക്ഷരം പദാന്ത്യത്തിൽ വരുകയും അതിനു ശേഷം ഏതെങ്കിലും അനുനാസിക വ്യഞ്ജനാക്ഷരം വരുകയും ചെയ്താൽ, ആ വ്യഞ്ജനാക്ഷരം അതേ വർഗ്ഗത്തിലെ അനുനാസികമായി മാറുന്നു.

  ഉദാ: - വാക്+മനോഭിര്യത് = വാങ്മനോഭിര്യത് (18/15), ഷട്+മാസാഃ= ഷൺമാസാ (8/24), ജഗത്+നിവാസ = ജഗന്നിവാസ (11/37)

| പൂർവ്വ വർണ്ണം | ഉത്തര വർണ്ണം | പരിവർത്തിത വർണ്ണം |
|---|---|---|
| ക വർഗ്ഗം | ങ്, ഞ്, ണ്, ന്, മ് | ങ് |
| ച വർഗ്ഗം | | ഞ് |
| ട വർഗ്ഗം | | ണ് |
| ത വർഗ്ഗം | | ന് |
| പ വർഗ്ഗം | | മ് |

## 14. പരസവർണ സന്ധി –

- **അനുസ്വാരസ്യ യയി പരസവർണ: -** അനുസ്വാരത്തിനുശേഷം ഏതെങ്കിലും വർഗ്ഗത്തിലെ ഏതെങ്കിലും വ്യഞ്ജനാക്ഷരം വന്നാൽ, ആ അനുസ്വാരം അഗ്രഭാഗത്തെ വ്യഞ്ജനാക്ഷരത്തിന്റെ വർഗ്ഗത്തിന്റെ അനുനാസികമായി പരിവർത്തനം ചെയ്യപ്പെടുന്നു.

  ഉദാ: – സം + മൂഢഃ = സമ്മൂഢഃ (5/20), യും + ജൻ = യുഞ്ജൻ (6/28)

- **വാ പദാന്തസ്യ –** മുകളിൽ പരാമർശിച്ച നിയമം പദാന്ത്യ- അനുസ്വാര വിഷയത്തിൽ ഐച്ഛികമാണ്, അതായത്, പദാന്ത്യ അനുസ്വാരം വ്യഞ്ജനാക്ഷരത്തെ ആസ്പദമാക്കി അനുനാസികമാകും എന്നത് നിർബന്ധമില്ല.

  ഉദാ:- മാം + പശ്യതി = മാം പശ്യതി / മാമ്പശ്യതി (3/30)

- **തോർലി –** 'തവർഗ്ഗ' ത്തിനപ്പുറം 'ലകാരം' വരുമ്പോൾ പരസവർണ്ണം ഉണ്ടാകുന്നു.

  ഉദാ:- ശ്രുതിമത്+ ലോകേ= ശ്രുതിമല്ലോകേ (13/13), ശ്രദ്ധാവാൻ+ലഭതേ= ശ്രദ്ധാ വാല്ലഭതേ)

## 15. പൂർവസവർണ സന്ധി –

- **ഝയോ ഹോഽന്യതരസ്യാമ് –** അഞ്ച് വർഗ്ഗങ്ങളിലെയും ആദ്യത്തെ നാല് വ്യഞ്ജനാക്ഷരങ്ങൾക്കുമപ്പുറം ഹകാരം വന്നാൽ, ആ ഹകാരം പൂർവ്വ വ്യഞ്ജനവർഗ്ഗത്തിലെ നാലാമത്തെ വ്യഞ്ജനാക്ഷരമായി മാറുന്നു. ഈ നിയമം ഐച്ഛികമാണ്.

| പ്രഥമ വർണ്ണം | ദ്വിതീയ വർണ്ണം | ദ്വിതീയ വർണ്ണത്തിന്റെ സ്ഥാനത്തെ പരിവർത്തിത വർണ്ണം |
|---|---|---|
| ക വർഗ്ഗം | ഹ് | ഘ് |
| ച വർഗ്ഗം | | ഝ് |
| ട വർഗ്ഗം | | ഢ് |
| ത വർഗ്ഗം | | ധ് |
| പ വർഗ്ഗം | | ഭ് |

ഉദാ:-ഏതദ്+ഹി= ഏതദ്ധി(6/42)

- **ശശ്ഛോടി –** അഞ്ച് വർഗ്ഗങ്ങളിലെയും ആദ്യത്തെ നാല് വ്യഞ്ജനാക്ഷരങ്ങളിൽ ഏതെങ്കിലും ഒന്നിന് ശേഷം ശകാരം വരികയും അതിന് ശേഷം ഏതെങ്കിലും സ്വരാക്ഷരമോ ഹ്, യ്, വ്, ര് വരികയും ചെയ്താൽ ശകാരം ഛകാരമായി മാറുന്നു. ഈ നിയമം ഐച്ഛികമാണ്.

  ഉദാ:- എതച് + ശ്രുത്വാ = എതച്ഛ്രുത്വാ (11/35), തസ്മാത് + ശാസ്ത്രം = തസ്മാച്ഛാസ്ത്രം (16/24)

## ॥ദ്വിത്വ (ആഘാത) നിയമം॥

ദ്വിത്വം മുതലായ നിയമങ്ങളുടെ പാലനം ഭഗവദ്ഗീതയുടെ ദൃഷ്ടിയിൽ എത്രമാത്രം ഉപയോഗപ്രദമാണോ അതേ ദൃഷ്ടിയിൽ ഉച്ചാരണത്തെ കൂടുതൽ മികച്ചതും ലളിതവുമാക്കുന്നതിനായും സ്വീകരിച്ചിട്ടുള്ള നിയമങ്ങളാണ് ഇനിപ്പറയുന്നവ-

### അടിസ്ഥാന ദ്വിത്വ നിയമം - അനചി ച, സ്വരാത് സംയോഗാദിർദ്വിരുച്യതേ സർവത്ര।

സ്വരാക്ഷരത്തിനുശേഷം സംയുക്തവർണ്ണം വരുമ്പോൾ, പാണിനി വ്യാകരണത്തിലെ 'അനചി ച' എന്ന സൂത്രവാക്യത്താലും പാണിനി അധ്യയനത്തിന്റെ 'സ്വരാത് സംയോഗാദിർദ്വിരുച്യതേ സർവത്ര' എന്ന സൂത്രവാക്യത്താലും സംയുക്ത വർണ്ണത്തിലെ ആദ്യ വർണ്ണം ദ്വിത്വവൽക്കരിക്കപ്പെടുന്നു. ഇത് അപവാദസ്ഥാനമൊഴികെ എല്ലായിടങ്ങളിലും പ്രയോഗിക്കപ്പെടുന്ന ഉത്സർഗ നിയമമാണ്.

*पाणिनीयशिक्षा*

**ഈ നിയമത്തിന് കുറച്ച് അപവാദനിയമങ്ങളുമുണ്ട്. അവ ഇപ്രകാരമാണ്.**

### 1. പരം തു രേഫഹകാരാഭ്യാമ്.

ഒരു സംയുക്ത വർണ്ണത്തിലെ, ആദ്യ വർണ്ണം ഒരു രേഫോ ഹകാരം ആണെങ്കിൽ, ദ്വിത്വം സംഭവിയ്ക്കില്ല. *पाणिनीयशिक्षा*

ഉദാ: - പര്യുപാസതേ, ഗുഹ്യതമം

### 2. (ന) സവർണേ.

ഒരു സംയുക്ത വർണ്ണത്തിലെ രണ്ട് വർണ്ണങ്ങളും ഒന്നുതന്നെയാണെങ്കിൽ, സ്വാഭാവികമായും ദ്വിത്വം വരുന്നു, അതിനാൽ പിന്നെയും ദ്വിത്വവൽക്കരണം ആവശ്യമില്ല. **प्रातिशाख्य**

ഉദാ:- ഉത്പന്ന, മയ്യാവേശ്യ

### 3. സംയുക്ത വർണ്ണത്തിൽ മൂന്ന് വ്യഞ്ജനാക്ഷരങ്ങൾ ഒരുമിച്ചു ചേരുമ്പോൾ। *पाणिनीय शिक्षा*

ഉദാ: – കൃത്സ്നമ്, ഭക്ത്യാ

### 4. പ്രഥമൈർദ്വിതീയാസ്തൃതീയൈശ്ചതുർഥാ:

രണ്ടാമത്തെ അക്ഷരത്തിന് മുമ്പുള്ള ആദ്യ അക്ഷരവും നാലാമത്തെ അക്ഷരത്തിന് മുമ്പുള്ള മൂന്നാമത്തെ അക്ഷരവുമാണ് ഒരു സംയുക്താ ക്ഷരത്തിലെ അഞ്ച് വർഗ്ഗങ്ങളിലെയും എല്ലാ അക്ഷരങ്ങളെയും (സ്പർശന അക്ഷരങ്ങൾ) ദ്വിത്വവൽക്കരിയ്ക്കുമ്പോൾ ഉപയോഗിക്കുന്നു. *पाणिनीय शिक्षा*

ഉദാ. – ജിഘ്രൻ = ജി(ഗ്)ഘ്രൻ

# ശബ്ദാവലി

- **ആദേശം –** ഒരു അക്ഷരത്തെ നീക്കം ചെയ്ത് അതിന്റെ സ്ഥാനത്ത് മറ്റൊരു അക്ഷരം ശത്രുവിനെപ്പോലെ വന്നിരിക്കുമ്പോൾ അതിനെ ആദേശം എന്ന് വിളിക്കുന്നു. ഉദാ. - 'യദി + അപി = യദ്യപി' ഇവിടെ 'ഇ' യുടെ സ്ഥാനത്തെ 'യ' ആദേശം ചെയ്തിരിക്കുന്നു. (ശത്രുവദാദേശഹഃ)
- **ആഗമം –** ഒരു അക്ഷരത്തിന്റെ സ്ഥാനത്ത് മറ്റൊരു വർണ്ണം സുഹൃത്തിനെപ്പോലെ ഒരുമിച്ചിരുന്ന് അതിനോട് കൂടിച്ചേരുമ്പോൾ അതിനെ ആഗമം എന്ന് വിളിക്കുന്നു. ഉദാ. – 'കൃഷ്ണ+ഛേത്തുമ്'=കൃഷ്ണച്ഛേത്തുമ് ഇവിടെ Ch വന്നിരിക്കുന്നത് കൃഷ്ണ എന്നതിലെ ണ യ്ക്കും ഛേത്തുമ് എന്നതിലെ ഛ യ്ക്കും ഇടയിൽ ച് ആഗമിച്ചിരിയ്ക്കുന്നു. (മിത്രവദാഗമഃ) ( അത് അതേപടി നിലനിർത്തി.)
- **ലോപം –** രണ്ട് അക്ഷരങ്ങൾ ചേരുമ്പോൾ അതിൽ ഒരു അക്ഷരത്തെ നീക്കം ചെയ്യുന്ന പ്രക്രിയയെ ലോപം എന്ന് വിളിക്കുന്നു.
- **പ്രകൃതിഭാവ –** രണ്ട് വർണ്ണങ്ങളുടെ സന്ധി സമയത്ത് ആദേശമോ, ആഗമമോ, ലോപമോ സംഭവിക്കുന്നില്ലെങ്കിൽ, പദങ്ങൾ അതേപടി നിലനിൽക്കുന്നുവെങ്കിൽ, അതിനെ പ്രകൃതിഭാവ എന്ന് വിളിക്കുന്നു.
- **പ്രത്യയ് –** സ്വതന്ത്രമായ അസ്തിത്വമില്ലാത്ത അക്ഷരങ്ങളോ അക്ഷരസമൂഹങ്ങളോ, ഒരു വാക്കിന്റെ അവസാനം ചേർക്കുന്നതിലൂടെ ആ വാക്കിന്റെ അർത്ഥത്തിൽ മാറ്റം വരുന്നു എങ്കിൽ അവയെ പ്രത്യയങ്ങൾ എന്ന് വിളിക്കുന്നു. അഞ്ച് തരം പ്രത്യയങ്ങളുണ്ട് – സുപ്, തിങ് , കൃത്, തദ്ധിത്, സ്ത്രീ പ്രത്യയങ്ങൾ.
- **ഉപസർഗ് –** ഒരു ധാതുവിന് മുമ്പായി ചേരുന്നതിലൂടെ അതിന്റെ അർത്ഥം മാറ്റുകയോ അതിന്റെ അർത്ഥം പുഷ്ടിപ്പെടുത്തുകയോ ചെയ്യുന്ന പദങ്ങളെ ഉപസർഗം എന്ന് വിളിക്കുന്നു. ഉദാ. - "ഹാർ" എന്ന വാക്കിന്റെ അർത്ഥം തോൽവി എന്നാണ്, അതിൽ വിവിധ ഉപസർഗങ്ങൾ ചേർത്ത്, വ്യത്യസ്ത അർത്ഥങ്ങളുള്ള വാക്കുകൾ സൃഷ്ടിക്കുന്നു –

  1. പ്ര + ഹാർ = പ്രഹാർ, 2. സമ്+ ഹാർ= സംഹാർ(വിനാശം) 3. വി+ഹാർ= വിഹാർ(വിഹരിക്കുക) സംസ്കൃതത്തിൽ ആകെ 22 ഉപസർഗങ്ങൾ ഉണ്ട്. പ്ര , പരാ, അപ, സമ്, അനു, അവ ,നിസ് , നിർ , ദുസ് , ദുർ , വി , ആങ് , നി , അധി , അപി , അതി , സു , ഉത് , അഭി ,പ്രതി പരി ,ഉപ.

- **കഠോര-മൃദു വ്യഞ്ജനങ്ങളും അനുനാസികങ്ങളും–**

| കഠോര വ്യഞ്ജനം | | മൃദു വ്യഞ്ജനം | | അനു നാസികം |
|---|---|---|---|---|
| ക് | ഖ് | ഗ് | घ् | ങ് |
| ച് | ഛ് | ജ് | झ् | ഞ് |
| ട് | ഠ് | ഡ് | ढ् | ണ് |
| ത് | ഥ് | ദ് | ध् | ന് |
| പ് | ഫ് | ബ് | भ् | മ് |
| ശ്, ഷ്, സ് | | യ്,  ര്, ല്, വ് | | 'യ്̐', 'ല്̐', 'വ്̐' |

# പൊതുവായ സംസ്കൃതം

സംസ്കൃതത്തിൽ കാരകത്തെക്കുറിച്ചും ക്രിയയെക്കുറിച്ചും അറിയുന്നതിലൂടെ ലളിതമായ വാക്യങ്ങൾ ഉണ്ടാക്കുന്നതിന് സാധിക്കും. സംസ്കൃതത്തിൽ ഒരു വാക്യം ഉണ്ടാക്കുന്നതിനായി ഏറ്റവും ആദ്യം ക്രിയയെ (ഏതെങ്കിലും പ്രവൃത്തി) അറിയണം. ഇത് ധാതു രൂപത്തിലാണ് പ്രകടിപ്പിക്കുന്നത്. ക്രിയ ചെയ്യുന്ന വ്യക്തികളുടെ എണ്ണത്തെയും വ്യക്തിയെയും അനുസരിച്ചാണ് ധാതുരൂപം ഉപയോഗിക്കുന്നത്.

സംസ്കൃതത്തിൽ 6 കാരകങ്ങളുണ്ട്. **കർതാ (ക്രിയ ചെയ്യുന്നവൻ),** കർമ (കർത്താവിന് ക്രിയയോടുള്ള ആഗ്രഹം), **കരൺ** (എന്തിനാലാണോ ചെയ്യപ്പെടുന്നത്), സംപ്രദാൻ **(ആർക്കാണോ** എന്തെങ്കിലും നൽകപ്പെടുന്നത്), അപാദാൻ (വിഭജനപ്രക്രിയയിൽ ഏതാണോ സ്ഥിരമായുള്ളത്), **അധികരൺ** ( ആ ക്രിയ ഏതു സ്ഥാനത്താണോ നടക്കുന്നത്. ഓരോ വാക്കിനും അതിന്റെ കാരകമനുസരിച്ചാണ് വിഭക്തി നൽകുന്നത്. വാക്യസൃഷ്ടിയ്ക്ക് ആവശ്യമായ ചില അടിസ്ഥാന നിയമങ്ങൾ ഇവിടെ നൽകുന്നു –

സംസ്കൃതത്തിൽ ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ വാക്കുകൾ വിഭജിക്കപ്പെടുന്നു - വാക്കുകളുടെ രൂപം, അവയുടെ ലിംഗഭേദം പിന്നെ അവസാന അക്ഷരത്തിന്റെയും അടിസ്ഥാനത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. രാമ , ശ്യാം, അനുരാഗ് തുടങ്ങിയ വാക്കുകളുടെ രൂപം ഒരേ പോലെയായിരിക്കും. അതുപോലെ, മതി, ഗതി, രതി എന്നിവയുടേതും ജഗത്, മനസ് തുടങ്ങിയ വാക്കുകളുടേതും സമാനമായിരിക്കും രാമ എന്ന പുല്ലിംഗ പദത്തേയും ചില സാധാരണ ധാതുക്കളേയും എടുത്ത് കുറച്ച് ഉദാഹരണങ്ങൾ നോക്കാം.

## 'അകാരാന്ത പുല്ലിംഗ രാമ ശബ്ദ്'

| വിഭക്തി | കാരക് | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|---|
| **പ്രഥമ** | കർതാ | രാമ: | രാമൌ | രാമാഃ |
| **ദ്വിതീയ** | കർമ | രാമം | രാമൌ | രാമാൻ |
| **തൃതീയ** | കരൺ | രാമേണ | രാമാഭ്യാം | രാമൈഃ |
| **ചതുർഥി** | സംപ്രദാൻ | രാമായ | രാമാഭ്യാം | രാമേഭ്യഃ |
| **പഞ്ചമി** | അപാദാൻ | രാമാത് | രാമാഭ്യാം | രാമേഭ്യഃ |
| **ഷഷ്ഠി** | സംബന്ധ് | രാമസ്യ | രാമയോഃ | രാമാണാം |
| **സപ്തമി** | അധികരൺ | രാമേ | രാമയോഃ | രാമേഷു |
| **സംബോധൻ** | സംബോധൻ | ഹേ രാമ! | ഹേ രാമൗ! | ഹേ രാമാഃ! |

ചില പ്രധാന ധാതുക്കൾ:

1. ഗച്ഛതി- പോകുന്നു.
2. ക്രീടതി - കളിക്കുന്നു.
3. ഖാദതി - തിന്നുന്നു.
4. പഠതി – വായിക്കുന്നു.
5. വദതി - സംസാരിക്കുന്നു.
6. ചലതി - നടക്കുന്നു.

എല്ലാ ധാതുക്കളുടേയും സൂചക രൂപത്തിൽ 'പഠ്' എന്ന ധാതുവിന്റെ ലട് ലകാര (വർത്തമാനകാല ക്രിയ) ത്തിന്റെ രൂപങ്ങൾ നൽകിയിരിക്കുന്നു -

| പുരുഷൻ | പ്രഥമ പുരുഷൻ | ഉത്തമ പുരുഷൻ | മധ്യമ പുരുഷൻ |
|---|---|---|---|
| **ഏകവചനം** | പഠതി | പഠസി | പഠാമി |
| **ദ്വിവചനം** | പഠതഃ | പഠഥഃ | പഠാവഃ |
| **ബഹുവചനം** | പഠന്തിഃ | പഠഥ | പഠാമഃ |

സംസ്കൃതത്തിൽ ക്രിയാ രൂപങ്ങൾ മൂന്ന് പുരുഷൻമാരെ (പ്രഥമ പുരുഷൻ, മധ്യമ പുരുഷൻ, ഉത്തമ പുരുഷൻ) അനുസരിച്ചാണ്. സ്വയം എന്ന വിധത്തിൽ ഉത്തമ പുരുഷനും, നിങ്ങൾ എന്ന വിധത്തിൽ മധ്യമ പുരഷനും മറ്റുള്ളവർ എന്ന എന്ന വിധത്തിൽ പ്രഥമ പുരുഷനും പ്രയോഗിക്കപ്പെടുന്നു. ഈ നിയമങ്ങൾക്ക് ശ്രദ്ധ നൽകിക്കൊണ്ട് ചില വാക്യങ്ങൾ ഉദാഹരണമായി ഇതാ :

1. രാമഃ ഗച്ഛതി. 1. രാമഃ പശ്യതി. 1. രാമഃ പഠതി. 1. രാമഃ വദതി.
2. ത്വം ഗച്ഛസി. 2. ത്വം പശ്യസി. 2. ത്വം പഠസി. 2. ത്വം വദസി.
3. അഹം ഗച്ഛാമ. 3. അഹം പശ്യാമി. 3. അഹം പഠാമി. 3. അഹം വദാമി.

### എല്ലാ വിഭക്തികളുടെയും കുറച്ച് ഉദാഹരണങ്ങൾ:

1. രാമഃ ഗച്ഛതി (രാമൻ പോകുന്നു). - രാമഃ (പ്രഥമ - കർതാ)
2. രാമഃ ഗ്രാമം ഗച്ഛതി (രാമൻ ഗ്രാമത്തിൽ പോകുന്നു). - ഗ്രാമം (ദ്വിതീയ- കർമ)
3. രാമഃ കലമേന ലിഖതി (രാമൻ പേന കൊണ്ട് എഴുതുന്നു). - കലമേന (തൃതീയ - കരൺ)
4. രാമഃ കൃഷ്ണായ ഫലം ദദാതി (രാമൻ കൃഷ്ണനു ഫലം നൽകുന്നു). - കൃഷ്ണായ (ചതുർത്ഥ - സംപ്രദാൻ)

5. രാമഃ ഗ്രാമാത് ആഗച്ഛതി (രാമൻ ഗ്രാമത്തിൽ നിന്ന് വരുന്നു). - ഗ്രാമാത് (പഞ്ചമ - അപാദാൻ)
6. രാമസ്യ പുത്രഃ കുശഃ (രാമന്റെ മകൻ കുശനാണ്). - രാമസ്യ (ഷഷ്ഠ - സംബന്ധ്) (സംബന്ധ് കാരകങ്ങളിൽ പെടുന്നില്ല.)
7. രാമഃ വിദ്യാലയേ പഠതി (രാമൻ വിദ്യാലയത്തിൽ പഠിക്കുന്നു)- വിദ്യാലയേ (സപ്തമ- അധികരൺ)

|| ഇതി ||

*ഗീത പരിവാർ സാഹിത്യം മറ്റേതെങ്കിലും സ്ഥലത്ത് ഉപയോഗിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണ്. അനുമതിയുടെ പൂർണ്ണമായപ്രയോജനത്തിനായി* ***consent@learneeta.com*** *എന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.*